Editorial in the 'Snehithan'—action on.

264. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു സദയം ഉത്തരം നൽകുമോ.—

(എ) ഫ ഫ ഠ വ മിഥുനം ൨ ൪-൨൯-യിലെ സ്നേഹിതൻ പത്രത്തിൽ ആയ്ക്കേരളം പത്രത്തെപ്പറ്റി "ശവമ്മെണ്ണിന്റെ കർമ്മമായ ശ്രദ്ധക്കു" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പ്രാധിപ ഉപന്യാസം ശവമ്മെണ്ണിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ വിഷയത്തിൽ ശവമ്മെണ്ണു് വല്ല അന്വേഷണവും നടത്തിയോ;

(സി) അന്വേഷണഫലമെന്തു്?

രാമവർമ്മതമ്പുരാൻ.—(എ) ഉണ്ടു്.

(ബി) അന്വേഷണങ്ങൾ നടത്തിവരുന്നുണ്ടു്.

(സി) അന്വേഷണങ്ങൾ പൂർത്തിയായിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഏതുദ്യോഗസ്ഥനെയാണു് ഈ വിഷയങ്ങൾ അന്വേഷിക്കുവാൻ ഏല്പാടുചെയ്തിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ.—ഇപ്പോൾ ഏല്പാടുചെയ്തിട്ടുള്ളതു് പ്രൊട്ടക്ടരെയാണു്. റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടു്; വന്നുകഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വിഷയത്തെ കുറിച്ചു് നേരിട്ടന്വേഷിക്കുവാനോ, പ്രൈവറ്റായിട്ടന്വേഷിക്കുവാനോ, ഏല്പാടുചെയ്തിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ.—ചോദ്യം മനസ്സിലായില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വിഷയത്തെ കുറിച്ചു് നേരിട്ടന്വേഷിയ്ക്കുവാനോ, അതോ പ്രൈവറ്റായിട്ടന്വേഷിയ്ക്കുവാനൊ പ്രൊട്ടക്ടറോടാവശ്യപ്പെട്ടിട്ടുള്ളതു്?

രാമവർമ്മ തമ്പുരാൻ.—അങ്ങിനെ പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ല. ഇതിനേപ്പറ്റി അന്വേഷിക്കുവാൻ പ്രൊട്ടക്ടർക്കു് എഴുതി അയച്ചിട്ടുണ്ടു്; അദ്ദേഹത്തിന്റെ റിപ്പോർട്ട് വന്നുകഴിഞ്ഞിട്ടു് വീണ്ടും ആലോചിച്ചിട്ടും കൊടുക്കണമെന്നു തോന്നുന്നുണ്ടെങ്കിൽ കൊടുക്കാം.

Cost of supply of books to Depressed Classes pupils.

265. മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വർഷത്തിൽ ഓരോ ക്ലാസുകളിലും അധഃകൃതവിദ്യാർത്ഥികൾക്കു് ഓരോ ഇനങ്ങളിലും ചിലവു ചെയ്തിട്ടുള്ള പുസ്തകങ്ങളെത്ര?

രാമവർമ്മതമ്പുരാൻ.—ഈ കൊല്ലത്തെ പുസ്തകങ്ങൾ മുഴുവനും കൊടുത്തുകഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly